# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026

## എ. ജെ. ജോൺ മെമ്മോറിയൽ

## എൽ. പി. എസ്.

## കൈനടി

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എ. ജെ. ജോൺ മെമ്മോറിയൽ എൽ. പി. എസ്. കൈനടി |
| വിലാസം | : | കൈനടി - 686534 |
| ഫോൺ | : | 04772710950 |
| സ്ക്കൂൾ കോഡ് | : | 46410 |
| വിദ്യാഭ്യാസ ഉപജില്ല | : | വെളിയനാട് |
| വിദ്യാഭ്യാസ ജില്ല | : | കുട്ടനാട് |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി. ആർ. സി | : | വെളിയനാട് |
| സി. ആർ. സി | : | ഗവൺമെന്റ് ആർ വി. എൽ. എസ്സ്. ഊര |
| ഗ്രാമപഞ്ചായത്ത് | : | നീലംപേരൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | വെളിയനാട് |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| താലൂക്ക് | : | കുട്ടനാട് |
| വില്ലേജ് | : | കാവാലം |
| ഇ. മെയിൽ | : | ajjmskainady@gmail.com |

## ഉള്ളടക്കം


1. ആമുഖം

2. സ്ക്കൂൾ ചരിത്രം

3. സ്ക്കൂൾ മികവിന്റെ കാഴ്ചപ്പാട്

4. നിലവിലെ അവസ്ഥാ വിശകലനം

5. പ്രശ്നങ്ങൾ - വെല്ലുവിളികൾ

6. പദ്ധതി രൂപീകരണ പ്രക്രിയ

7. വിഷയ മേഖല - പ്രവർത്തനങ്ങൾ

8. ഉപസംഹാരം

## അധ്യായം 1

### ആമുഖം

2005-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ചുവടുപിടിച്ച് 2007ൽ തയ്യാറാക്കിയ കേരളപാഠ്യ പദ്ധതിയുടെ അടിസ്ഥാനത്തിൽ ആശയാവതരണരീതി, ഉദ്ഗ്രഥിത സമീപനം ബഹുമുഖമായ ബുദ്ധിയുടെ വികാസം അറിവു നിർമാണ പ്രക്രിയ എന്നീ സമീപനങ്ങൾ നടപ്പിലാക്കിയിരുന്നു.

പൊതു വിദ്യാലയങ്ങളിലെത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുകയെന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രഥമ ലക്ഷ്യം. ഇത് നേടണമെങ്കിൽ നിലവിലുള്ള അവസ്ഥയിൽ വലിയ മാറ്റം വേണ്ടിവരും. അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന മുദ്രാവാക്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് പദ്ധതി ലക്ഷ്യമിടുന്നത്.

വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിർദ്ദേശിക്കപ്പെട്ട സാധ്യായദിനങ്ങളും പഠന മണിക്കൂറുകളും ഉറപ്പാക്കുന്നതോടെ പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച അറിവുകളും നൈപുണികളും കൈവരിക്കാനാവശ്യമായ സമയം ലഭിക്കും. എന്നാൽ നേടിയ അറിവുകളുടെയും ധാരണകളുടെയും അടിസ്ഥാനത്തിൽ സാമൂഹിക ജീവിത സന്ദർഭങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുന്നതും പ്രശ്നപരിഹാരത്തിനുള്ള കഴിവുനേടുന്നതും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്.

പൊതു വിദ്യാലയത്തിന്റെ സംരക്ഷണം ഉറപ്പാക്കണമെങ്കിൽ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടണം പൂർവ്വ വിദ്യാർത്ഥികൾ, സുമനസ്സുകളായ നാട്ടുകാർ, ത്രിതല പഞ്ചായത്തുകൾ എന്നിവ സംയോജിച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

ആയിരങ്ങൾക്ക് അറിവിന്റെ അക്ഷര വെളിച്ചം പകർന്നു നൽകികൊണ്ടിരിക്കുന്ന കൈനടി എ. ജെ. ജോൺ മെമ്മോറിയൽ എൽ. പി. സ്ക്കൂൾ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ഇവിടെ സമർപ്പിക്കുകയാണ്. ഇത് ഒരു സാമൂഹിക രേഖയാണ്. പൊതു വിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന ഓരോരുത്തരുടെയും വിലയേറിയ നിർദ്ദേശങ്ങളും കാഴ്ചപ്പാടുകളും ഞങ്ങൾ കാത്തിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിൽ എല്ലാവരുടെയും പങ്കളിത്തം ഉറപ്പാക്കണം.

സുതാര്യവും മികവുറ്റതുമായ നിർവ്വഹണ രീതിയാണ് കമ്മിറ്റി ലക്ഷ്യം വെക്കുന്നത്. ഈ സ്ക്കൂളിലെ ഓരോ കുട്ടിക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും നൈപുണികളും ശേഷികളും നേടുന്നതിനാവശ്യമായ അവസരമൊരുക്കാനുള്ള സംഘടിത ശ്രമത്തിന് പൂർണ്ണമായ

പിന്തുണയും സഹകരണവും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സാഭിമാനം എല്ലാവരുടെയും മുന്നിൽ സമർപ്പിക്കുന്നു.

**ലക്ഷ്യങ്ങൾ**

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്ക്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠ പുസ്തകങ്ങൾപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും, പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടത്തേണ്ടതെന്ന വിദ്യാഭ്യാസ അവകാശ നിയമം (2009) മുന്നോട്ടുവെയ്ക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
- ഐ. സി. ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും
- കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് 'ജൈവ വൈവിധ്യ ഉദ്യാനം' എന്ന ആശയം സ്ക്കൂളിൽ നടപ്പാക്കും.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും
- കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും കൗൺസലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്ക്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ വളർച്ചക്ക് ഉതകുന്നവിധം പ്രയോജനപ്പെട്ടുത്തും.

# അധ്യായം 2

## എ. ജെ. ജോൺ മെമ്മോറിയൽ എൽ. പി. സ്ക്കൂൾ

## കൈനടി

**ചരിത്രം**

ആലപ്പുഴ ജില്ലയുടെ വടക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ഗ്രാമമായ കൈനടി യുടെ ഹൃദയഭാഗത്ത് പമ്പാനദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് എ. ജെ. ജോൺ മെമ്മോറിയൽ എൽ. പി. സ്ക്കൂൾ കൈനടി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് വിദ്യാഭ്യാസപര മായി വളരെ പിന്നോക്കം നിന്നിരുന്ന ഒരു ഗ്രാമമായിരുന്നു ഇത്. പ്രധാനമായും കൃഷിയും ഒപ്പം മത്സ്യ ബന്ധനത്തെയും ആശ്രയിച്ചുകഴിയുന്ന ഒരു പറ്റം ജനങ്ങളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. അറിവ് സമ്പാദിക്കണമെന്ന അവരുടെ ആഗ്രഹത്തിന്റെ പൂർത്തീകരണമായി 1921 ജൂലൈ മാസ ത്തിൽ സെന്റ് മേരീസ് പ്രൈമറി സ്ക്കൂൾ സ്ഥാപിതമായി

ചങ്ങനാശ്ശേരി അതി രൂപതാ കോർപ്പറേറ്റ് മാനേജ് മെന്റിന്റെ കീഴിലുള്ള ഒരു വിദ്യാലയമാ ണിത്. ഈ സ്ക്കൂളിന്റെ ആദ്യത്തെ ലോക്കൽ മാനേജർ പള്ളിത്താനത്ത് ശ്രീ. ലൂക്കാ മത്തായിയും പ്രഥമാധ്യാപകൻ കോയിലടത്ത് ശ്രീ. കെ. സി. തോമസുമായിരുന്നു. ആദ്യകാലങ്ങളിൽ 50-60 കുട്ടി കൾ അധ്യയനത്തിനായി എത്തിച്ചേർന്നിരുന്നു. ഓരോ ഡിവിഷൻ വീതമുള്ള നാലു ക്ലാസ്സുകായി രുന്നു ഇവിടെ ഉണ്ടായിരുന്നത്.

ശ്രീ. എ. ജെ. ജോൺ വൈക്കം താലൂക്കിൽ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ സെന്റ് ജോർജ്ജ് ഇടവകയിലെ അംഗമായിരുന്നു. എ. ജെ. ജോൺ (1893 - 1957) തിരുകൊച്ചിയുടെ മുഖ്യമ ന്ത്രിയും മദ്രാസ് ഗവർണറുമായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ വീട് കൈനടി കണ്ടംകുടിയായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് 1/6/52-ൽ പ്രൈമറി സ്ക്കൂൾ മിഡിൽ സ്ക്കൂൾ ആയി ഉയർത്ത പ്പെട്ടത് വീണ്ടും 1/6/1960-ൽ ശ്രീ. എ. ജെ. ജോണിന്റെ നാമത്തിൽ ഇവിടെ ഹൈസ്ക്കൂൾ ആരംഭി ക്കുന്നതിന് അനുവാദം ലഭിച്ചു. അങ്ങനെ സെന്റ് മേരീസ് സ്ക്കൂൾ എ. ജെ. ജോൺ മെമ്മോറിയൽ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. 4/9/1961-ൽ പ്രൈമറി വിഭാഗം ഹൈസ്ക്കൂളിൽ നിന്നും വേർപ്പെ ടുത്തി, എ. ജെ. ജോൺ മെമ്മോറിയൽ എൽ. പി. സ്ക്കൂൾ എന്ന പേരിലായി ശ്രീ. തോമസ് ജോസ ഫായിരുന്നു 1961 മുതൽ 1988 വരെ ഇവിടെ പ്രഥമാധ്യാപകനായി സേവനമനുഷ്ഠിച്ചത്. സ്ക്കൂളിന്റെ പുരോഗതിയിൽ ഏറെ പങ്കുവഹിച്ച വ്യക്തിയായിരുന്നു അദ്ദേഹം. 1988-ൽ അദ്ദേഹം സർവ്വീസിൽ നിന്നും വിരമിച്ചു. ശ്രീ. പി. റ്റി. ജോസഫ്, സിസ്റ്റർ റീത്താമ്മ ഫിലിപ്പ്, ശ്രീമതി കുഞ്ഞമ്മ ജോസഫ്, സിസ്റ്റർ മേരികുട്ടി എം. ജെ., സിസ്റ്റർ അന്നമ്മാൾ എം. ജെ. എന്നീ പ്രധാനാധ്യാപകർ സ്തുത്യർഹ സേവനത്തിനു ശേഷം ഇവിടെ നിന്നും യഥാകാലങ്ങളിൽ വിരമിച്ചവരാണ്. 2015-16 മുതൽ ജിജി മോൾ കെ. തോമസ് ആർപ്പൂക്കര പ്രഥമാധ്യാപികയായി സേവനം അനുഷ്ഠിക്കുന്നു.

നീലംപേരൂർ പഞ്ചായത്തിൽ ഇൾപ്പെട്ട ഈ സ്ക്കൂളിൽ ഈര, ചെറുകര, കാവാലം, ചക്കച്ചം പാക്ക, കൈനടി എന്നീ സ്ഥലങ്ങളിൽ നിന്നും കുട്ടികൾ എത്തിച്ചേരുന്നു.

## അധ്യായം 3

## സ്ക്കൂൾ മികവിന്റെ കാഴ്ചപ്പാട്

- പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക
- കുട്ടികളുടെ സർഗ്ഗക്രിയശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക
- കുട്ടിയുടെ പഠന വേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠന പ്രക്രിയ സാധ്യമാക്കുക
- സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.
- പ്രകൃതിതന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.
- കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉറപ്പാക്കുക.
- വിദ്യാലയത്തിന്റെ സമസ്തമേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക
- 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും' 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോഫ്രയറുടെ സിദ്ധാന്തത്തെയും സാക്ഷാത്ക്കരിക്കുന്ന. ഇടമായി വിദ്യാലയത്തെ പുതുക്കിപണിയുക.

## അധ്യായം 4

## നിലവിലെ അവസ്ഥാവിശകലനം

| 2025-26 | കുട്ടികളുടെ എണ്ണം | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| ക്ലാസ്സ് 1 | 15 | 14 | 29 |
| ക്ലാസ്സ് 2 | 11 | 12 | 23 |
| ക്ലാസ്സ് 3 | 10 | 14 | 24 |
| ക്ലാസ്സ് 4 | 10 | 15 | 25 |

അധ്യാപകർ നിലവിലെ അവസ്ഥ.

എല്ലാ അധ്യാപകരും അധ്യാപക പരിശീലനങ്ങളിലെല്ലാം പങ്കെടുത്തവരാണ്, സംഗീതം, നൃത്തം തുടങ്ങിയവയ്ക്ക് പ്രത്യേക വൈദഗ്ധ്യം ലഭിച്ചവർ ക്ലാസ്സെടുക്കുന്നു.

വിദ്യാലയം പൊതുവിശകലനം.

* തുടർച്ചയായ വർഷങ്ങളിൽ എൽ. എസ്. എസ്. സ്കോളർഷിപ്പുകൾ
* സബ് ജില്ലാ മത്സരങ്ങളിൽ ഗണിത, ശാസ്ത്ര, പ്രവൃത്തി പരിചയ മേളകളിൽ ഓവറോൾ വിജയം.
* സബ് ജില്ലാ കലോത്സവത്തിൽ തിളക്കമാർന്ന വിജയം.
* സംഗീത, നൃത്ത പരിശീലന ക്ലാസ്സുകൾ
* കലാ കായിക പരിശീലനങ്ങൾ
* സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്

## വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | വിഭാഗം | നിലവിൽ ഉള്ളത് | ഇനി വേണ്ടത് | കണ്ടെത്തേണ്ട തുക |
|---|---|---|---|---|
| 1. | ക്ലാസ്സു മുറി | 6 | 2 | 50000 |
| 2. | ആൺ കുട്ടികളുടെ ടോയ്‌ലറ്റ് | 2 | 1 | 25000 |
| 3. | പെൺ കുട്ടികളുടെ ടോയ്‌ലറ്റ് | 2 | 1 | 25000 |
| 4. | ലൈബ്രറി | 0 | 1 | 50000 |
| 5. | കളിസ്ഥലം | 1 | – | – |
| 6. | പാചകപ്പുര | 1 | – | – |
| 7. | ഭക്ഷണ മുറി | 1 | – | – |
| 8. | പ്രോജക്ടർ | 1 | – | – |
| 9. | ക്യാമറ | 1 | – | – |
| 10. | വൈറ്റ് ബോർഡ് | 0 | 6 | – |
| 11. | കമ്പ്യൂട്ടർ | പ്രവർത്തന ക്ഷമമല്ല | 6 | 1,50000 |
| 12. | പ്രിന്റർ | 1 | 1 | 7,0000 |
| 13. | സി ഡി പ്ലയർ | 1 | – | – |
| 14. | സ്മാർട് ക്ലാസ്സ് മുറി | 0 | 1 | 50,000 |
| 15. | ജൈവ പാർക്ക് | 0 | 1 | 1,00000 |
| 16. | ബുക്ക് – അലമാര | 3 | 2 | 10,000 |
| 17. | ടെലിവിഷൻ | പ്രവർത്തന ക്ഷമമല്ല | 1 | 20,000 |
| 18. | | ഉണ്ട് | – | – |
| 19. | റേഡിയോ | പ്രവർത്തന ക്ഷമമല്ല | – | – |
| 20. | റാമ്പ് | 1 | – | – |

**ഐ. ടി. സൗകര്യങ്ങളുടെ അവസ്ഥ**

വൈഫൈ കണക്ഷൻ 2017 ഫെബ്രുവരിയോടെ ലഭിച്ചു. എങ്കിലും ഉപയോഗ ക്ഷമമായ കമ്പ്യൂട്ടറുകളുടെ അപര്യാപ്തത ഐ.സി. റ്റി പഠനത്തിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

അനുബന്ധ പിന്തുണാ സംവിധാനങ്ങൾ

**എസ്സ് ആർ ജി.**

മാസത്തിൽ കുറഞ്ഞത് 2 യോഗങ്ങൾ കൂടുന്നു, ക്ലാസ്സിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നു. ചുമതലകൾ വിഭജിക്കുന്നു, അവലോകനം നടത്തുന്നു.

**പി. റ്റി. എ.**

സ്ക്കൂൾ വികസനത്തിന്റെയും വിലയിരുത്തലിന്റെയും അവിഭാജ്യഘടകമായി പിറ്റിഎ പ്രവർത്തിക്കുന്നു. ദിനാചരണങ്ങൾ, ആഘോഷങ്ങൾ, അനുസ്മരണങ്ങൾ, ഉച്ച ഭക്ഷണ പരിപാടികൾ എന്നിവ പി. റ്റി. എ.യുടെ സഹകരണത്തോടെ നടത്തുന്നു.

**എസ്. എസ്. ജി.**

ഹരിത കേരളം പരിപാടിയിലും പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലും സ്ക്കൂൾ വികസന സംരഭങ്ങളിലും പഞ്ചായത്ത് പ്രസിഡന്റും അംഗങ്ങളും സഹകരിച്ച് പ്രവർത്തിക്കുന്നു.

**ക്ലബ്ബ് പ്രവർത്തനങ്ങൾ**

ഗണിതം, ശാസ്ത്രം, സയൻസ്, പ്രവൃത്തി പരിചയ ക്ലബ്ബുകൾ സജീവമായി പ്രവർത്തിക്കുന്നു. മാസം തോറും പ്രവർത്തന കലണ്ടർ അനുസരിച്ചുള്ള പരിപാടികൾ, ദിനാചരണങ്ങൾ മത്സരങ്ങൾ, പഠനപ്രവർത്തനങ്ങൾ എന്നിവ ക്ലാസ്സുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്നു.

**തനതു പരിപാടികൾ**

ശുചിത്വ ക്ലബിന്റെ നേതൃത്വത്തിൽ സ്ക്കൂളിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ഹരിത ക്ലബ്ബിന്റെ മേൽ മോട്ടത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിച്ചു.

**കുട്ടികളുടെ പഠന നിലവാരം**

**2024-2025**

| ക്ലാസ്സുകൾ | ഗ്രേഡ് | | | | ആകെ |
|---|---|---|---|---|---|
| | എ | ബി | സി | ഡി | |
| 1 | 14 | 7 | 2 | - | 23 |
| 2 | 12 | 10 | 3 | - | 25 |
| 3 | 15 | 8 | 6 | - | 29 |
| 4 | 12 | 15 | 4 | 4 | 35 |

വിശകലനം

മിക്കവാറും എല്ലാ കുട്ടികളും 95% വായനയും എഴുത്തും അനുബന്ധ ശേഷികളും കൈവരിവരിച്ചിട്ടുണ്ട്. നിശ്ചിത പഠന നേട്ടങ്ങൾ കൈവരിക്കാൻ 15% വിദ്യാർത്ഥികൾക്ക് പ്രയാസമനുഭവപ്പെടുന്നു. പ്രത്യേക പരിഗണന അർഹിക്കുന്നവരായി 2% കുട്ടികൾ ഉണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാ ശേഷി വികസനം<br>• ഗണിത ശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• വായനാ പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• ജൈവ വൈവിധ്യപാർക്ക്<br>• പഠന യാത്രകൾ<br>• ക്ലാസ്സ് പി. ടി. എ. സജീവമാക്കൽ<br>• സ്ക്കൂൾ പത്രം<br>• പ്രവൃത്തി പരിചയ പഠനം<br>• ഒന്നാം ക്ലാസ്സ് ഒന്നാംതരം<br>• എസ്സ്. ആർ. ജി. ശാക്തീകരണം<br>• പച്ചക്കറിത്തോട്ടം<br>• ഗണിത ലാബ്<br>• ടേം മൂല്യ നിർണ്ണയം നിരന്തരവിലയിരുത്തൽ<br>• ഭാഷാ ലാബ്<br>• കായിക പഠനം<br>• സ്പോക്കൺ ഇംഗ്ലീഷ് | • ചിൽഡ്രൻഡ് പാർക്ക്<br>• ലൈബ്രറി<br>• ഡൈനിംഗ് ഹാൾ<br>• ടോയിലെറ്റ്<br>• കളിസ്ഥലം<br>• അസംബ്ലി ഹാൾ<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോടം | • പി. ടി. എ ശക്തിപ്പെടുത്തൽ<br>• പൂർവ്വ വിദ്യാർത്ഥി പൂർവ്വാധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ്സ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ മികവുകൾ പൊതു സൂഹവുമായി പങ്കിടൽ<br>• ഭവന സന്ദർശനം |

# അധ്യായം 5

## പ്രശ്നങ്ങൾ വെല്ലുവിളികൾ

**അക്കാദമികം**

- ഭിന്നശേഷിക്കാരുടെ ആവശ്യം പരിഗണിച്ച് റിസോഴ്സ് അധ്യാപകരുടെ സേവനം ലഭിക്കുന്നില്ല.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവും അക്കാദമികവുമായ പ്രശ്നങ്ങൾ കണ്ടെത്തി നിരന്തര വിലയിരുത്തുന്നതിനും പരിഹരിക്കുന്നതിനും ശാസ്ത്രീയമായ രീതികൾ സ്വീകരിക്കുന്നില്ല.
- ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠ്യപദ്ധതി, പാഠപുസ്തകം, പഠനപ്രക്രിയ എന്നിവയില്ല.
- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരങ്ങൾ, ഐ. സി. ടി. സാധ്യതകൾ എന്നിവ ഫലപ്രമായി ഉപയോഗിക്കുന്നില്ല.
- സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പ്രാധാന്യവും പ്രോത്സാഹനവും നൽകുന്നില്ല
- എല്ലാ കുട്ടികൾക്കും നിശ്ചിത വിഷയത്തിൽ (മലയാളം, ഇംഗ്ലീഷ്) എന്നീ ഭാഷകളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല
- ഐ. സി. ടി. അധിഷ്ഠിത പഠനം ഉറപ്പാക്കാൻ കഴിയും വിധം അധ്യാപകർ ശാക്തീകരിക്കപ്പെട്ടിട്ടില്ല
- മികവു പുലർത്തുന്നകുട്ടികൾക്ക് ഒരു വിഷയത്തിലും മികച്ച പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.
- വൈവധ്യമാർന്ന പഠന തന്ത്രങ്ങളും സങ്കേതങ്ങളും പ്രയോജനപ്പെടുത്തുന്നതിന് ഭൂരിപക്ഷം പേർക്കും കഴിഞ്ഞിട്ടില്ല.
- പഠന പ്രക്രിയ വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിയുന്നില്ല.
- ക്ലാസ് ലൈബ്രറികളില്ല ഉള്ളവയിൽ തന്നെ ആവശ്യത്തിന് പുസ്തകമില്ല.
- ക്ലബ് പ്രവർത്തനങ്ങൾപഠന പ്രവർത്തനത്തിന്റെ ഭാഗമാകുന്നില്ല.
- പരിസരം ഒരു പാഠപുസ്തക മാണെന്ന് തിരിച്ചറിയുന്നില്ല
- എല്ലാ കുട്ടികളുടേയും ജന്മസിദ്ധമായ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങളോ അനുഭവങ്ങളോ ലഭ്യമാകുന്നില്ല

- പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനാനുഭവങ്ങൾ നൽകാനുള്ള അധ്യാപകർ ഇല്ല.
- കേരളത്തിന്റെയും ഭാരതത്തിന്റെയും സാസ്കാരിക കലാപാരമ്പര്യവും പ്രൗഢിയും തിരിച്ചറിയാനുള്ള അവസരമില്ല.
- പഠനപ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടേയും ഭാഗമായി സാംസ്കാരിക പരിപാടികൾ ഉദ്ഗ്രഥിക്കുന്നില്ല.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നില്ല
- അധ്യാപകർക്കും കുട്ടികൾക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കുന്നതിന് വേണ്ടത്ര അവസരമില്ല
- വിദ്യാലയ പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടുകയോ മാധ്യാമങ്ങളിലൂടെയും മറ്റും ജനങ്ങളെ അറിയിക്കുന്നതിനുള്ള അവസരമില്ല.

**ഭൗതികം**

- ഭിന്ന നിലവാരക്കാരുടെ പഠനപ്രവർത്തനങ്ങൾക്കും ശാരീരികവും മാനസികവുമായി വികസിപ്പിക്കുന്നതിനാവശ്യമായ റിസോഴ്സ് റൂം സ്കൂളിൽ ഇല്ല.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് വിദ്യാലയത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഭിന്ന നിലവാര സൗഹാർദപരമാക്കണം
- പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥലസൗകര്യം അനുയോജ്യമായ ഇരിപ്പട സൗകര്യം, ഐ.സി.ടി. സൗകര്യം എന്നിവയുള്ള ക്ലാസ് മുറികളുടെ അഭാവം.
- ആധുനികമായി സജ്ജീകരിച്ച സ്ക്കൂൾ ലൈബ്രറി, ലബോറട്ടറി, ഐ.ടി. ലാബ്, ലാംഗ്വേജ് ലാബ് എന്നിവയുടെ അഭാവം
- എല്ലാ ക്ലാസ് മുറികളും ഐ.സി.ടി അധിഷ്ടിത പഠനം ഉറപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളും ഒരുക്കാൻ കഴിഞ്ഞിട്ടില്ല.
- ക്ലാസ് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യമില്ല.
- പാഠ്യപദ്ധതി നിർദ്ദേശിച്ച കലാ-കായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള ഭൗതിക സൗകര്യമില്ല

**സാമൂഹികം**

- ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ധനാത്മകമായി ഇടപെടുന്നതിന് രക്ഷിതാക്കൾ. സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
- വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല
- പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന.പി. ടി. എ. എന്നീ സംഘടനകളുടെ സാധ്യതകൾ വേണ്ട വിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
- പ്രദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല
- സഹജീവികളോട് സ്നേഹം, കരുണ, അനുതാപം എന്നിവ വികസിക്കുന്നില്ല.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല
- കലാ-കായിക പ്രവൃത്തിപരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളെ പ്രയോജനപ്പെടുത്തുന്നില്ല.

## അധ്യായം 6

## പദ്ധതി രൂപീകരണ പ്രക്രിയ - വിവധഘട്ടങ്ങൾ

1. നവംബറിൽ കൂടിയ എസ്. ആർ. ജി. യോഗത്തിൽ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്തു.
2. ഡിസംബറിൽ ചേർന്ന പി.ടി.എ.യിൽ പദ്ധതി രൂപരേഖ ചർച്ചയും പ്രവർത്തന പദ്ധതികളെക്കുറിച്ചുള്ള പൊതു ധാരണകൾ രൂപീകരണക്കലും നടന്നു. വികസനാവശ്യങ്ങൾ, ക്ലാസ്, വിഷയം അടിസ്ഥാനത്തിൽ ഭൗതികം- അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കി
3. കരട് രൂപരേഖ എസ്. ആർ. ജി., പി. റ്റി. എ. പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതിയിൽ അവതരിപ്പിച്ചു.

# അധ്യായം 7

## വിഷയമേഖല-പ്രവർത്തനങ്ങൾ

വിദ്യാലയ വികസന പദ്ധതിയിൽ സുപ്രധാനമായ മേഖലയാണ് ഭൗതിക സൗകര്യങ്ങളുടെ വികസനം നാം ലക്ഷ്യം വെയ്ക്കുന്നു അക്കാദമിക മികവ് ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

**ഭൗതിക സൗകര്യങ്ങൾ**

**ലക്ഷ്യങ്ങൾ**

1. വിദ്യാലയത്തിന്റെ ഭൗതിക സൗകര്യം ശിശു സൗഹൃദപരമാക്കുക
2. ആകർഷകവും ആധുനിക സൗകര്യങ്ങളോടു കൂടിയതുമായ പഠനാന്തരീക്ഷം ഉറപ്പാക്കുക.

**പ്രവർത്തനങ്ങൾ**

1. വിദ്യാലയത്തിനു നെയിം ബോർഡ് സ്ഥാപിക്കണം
2. ഭക്ഷണ ശാല വേണം
3. പാചകത്തിനും വിളമ്പുന്നതിനും അടച്ചു സൂക്ഷിക്കുന്നതിനുമുള്ള പാത്രങ്ങളും സംവിധാനങ്ങളും വേണം.
4. അഡാപ്റ്റഡ് ടോയ്‌ലറ്റ് വേണം.
5. വായനാമുറി അത്യാവശ്യമാണ്.
6. വായനാ മുറിയിലേക്കാവശ്യമായ മേശ, കസേര, ഷെൽഫ് ഇവയും വേണം.
7. ഓരോ ക്ലാസിലുടെ ഓരോ പത്രം സ്പോൺസറെ കണ്ടെത്തണം
8. നിലവിലുള്ള പൂന്തോട്ടം, ഔഷധത്തോട്ടം ഇവ ഇനിയും മെച്ചപ്പെടുത്തണം
9. വിദ്യാലയത്തിന്റെ ഭിത്തി പ്ലാസ്റ്റർ ചെയ്യണം
10. ഭിത്തിയിൽ കഥാചിത്രങ്ങൾ പെയ്ന്റ് ചെയ്യണം
11. ഹാളിനു സീലിംഗ് വേണം.
12. എല്ലാ കുട്ടികൾക്കും കസേര എന്ന ലക്ഷ്യം നേടണം
13. എല്ലാ ക്ലാസ്സ് മുറികളിലും വെളിച്ചം ലഭിക്കുന്നതിന് ഗ്ലാസ് ഓടുകൾ പാകണം
14. ടി. വി. ആവശ്യമാണ്
15. ലാപ്ടോപ്പ് , എൽസിഡി പ്രൊജക്ടർ ഇവ അവശ്യമായ എണ്ണം ലഭ്യമാക്കണം.
16. ഓരോ ക്ലാസിന്റെയും ഭിത്തിയിൽ കുട്ടികൾക്കെഴുതാൻ പാകത്തിൽ ബോർഡുകൾ വേണം.
17. പൂന്തോട്ടം ഔഷധത്തോട്ടം, കൃഷി എന്നിവ പഠനവുമായി ബന്ധിപ്പിക്കുന്നതിനുപദ്ധതി

18. പരിസ്ഥിതി ദിനാചരണത്തിൽ മനോഹരമായ പൂന്തോട്ടം നിർമ്മിക്കൽ, ഓരോ കുട്ടിക്കും ഓരോ ചെടി
19. ഓരോ ക്ലാസിനും പൂന്തോട്ടം നിർമ്മിക്കാൻ നിശ്ചിത സ്ഥലം കൊടുത്ത് ക്ലാസ് ടീച്ചറിന് അതിന്റെ മേൽ നോട്ടം ഏല്പിക്കൽ
20. പൂന്തോട്ട നിർമ്മാണം പരിപാലനം എന്നിവയ്ക്ക് ഓരോ ക്ലാസിനും ചുമതല
21. പരിസര പഠനവുമായി ബന്ധിപ്പിക്കൽ
22. ശലഭങ്ങളെ ആകർഷിക്കുന്ന ഇനം ചെടികളും വളർത്തണം.
23. പഴച്ചെടികളും നട്ടുവളർത്തണം
24. ഓരോ കുട്ടിക്കും ഓരോ ചെടി എന്നത് നടപ്പിലാക്കണം
25. തണലിനായി കൂടുതൽ വൃഷത്തൈകൾ വെച്ച് പിടിപ്പിക്കണം
26. സസ്യ വൈവധ്യം ബോധ്യപ്പെടുന്നതിന് വേണ്ടി വ്യത്യസ്തങ്ങളായ ചെടികൾ നട്ടുപിടിപ്പിക്കണം
27. ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കൽ
28. നക്ഷത്രവനം ഉണ്ടാക്കൽ

**മേഖല 2 ആരോഗ്യ, പോഷകാഹാരം ശുചിത്വം ലക്ഷണങ്ങൾ**

1. ആരോഗ്യ ശീലങ്ങൾ പാലിക്കൽ, പൊതു സ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ എന്നിവ തന്റെ കടമയാണെന്നു മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നും സ്വാംശീകരിക്കാനുള്ള അവസരം ഒരുക്കൽ
2. എല്ലാ കുട്ടികൾക്കും ആരോഗ്യ സംരക്ഷണം പോഷകാഹാരം ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പുവരുത്തൽ

**പ്രവർത്തനങ്ങൾ**

1. ആരോഗ്യ പരിശോധന നടത്തൽ
2. കുട്ടികൾക്കും അമ്മാർക്കും ആരോഗ്യ ശുചിത്വബോധവത്ക്കരണം
3. പാചകകാർക്ക് പരിശീലനം നൽകൽ
4. ഉച്ച ഭക്ഷണ കമ്മറ്റി രൂപീകരണം, യോഗം ചേരൽ
5. ഉച്ച ഭക്ഷണ മോണിറ്റിംഗ്
6. കൃഷിഭവനിൽ നിന്നും വിത്തുകൾ സംഘടിപ്പിക്കൽ
7. ഓരോ ആഴ്ചയിലും മാറി മാറി ശുചിത്വ മോണിറ്റിംഗിന് വിദ്യാർത്ഥി ഗ്രൂപ്പുകളെ ചുമതലപ്പെടുത്തണം

8. ഓരോ ക്ലാസിലും വേസ്റ്റ് ബക്കറ്റ് വേണം
9. കൃഷി ആഫീസറെ വിളിച്ച് കുട്ടിൾക്ക് കൃഷി സംബന്ധമമായ ക്ലാസ് എടുക്കുക.
10. കർഷക ദിനത്തിൽ കർഷകരെ വിളിച്ച് കുട്ടികളുമായി അഭിമുഖം നടത്തുക.

**മേഖല 3 അക്കാദമികം**

**അടിസ്ഥാന ശേഷി വികാസം**

**ലക്ഷ്യം**

ഒരു കുട്ടിപോലും പൊതുവിദ്യാലയത്തിലെത്തപ്പെട്ടതിന്റെ പേരിൽ പാഴായിപ്പോകില്ലെന്നുറപ്പു വരുത്തുക.

**പ്രവർത്തനങ്ങൾ**

1. 2025ജൂൺ-വർഷാരംഭം അടിസ്ഥാന ശേഷി നിർണയ പരീക്ഷ
2. ഗണിത ക്ലബ്ബ്
3. ഗണിത അസംബ്ലി
4. ഗണിത ലാബ്
5. ഗണിത മാഗസിൻ
6. പ്രകൃതിഗണിതം
7. ഗണിതം വ്യവഹാര രൂപങ്ങളിലൂടെ (വീട്ടു ചെലവുകൾ കാണിച്ചുള്ള കത്ത്, സ്ക്കൂളിലേക്കു വേണ്ട ഉപകരണങ്ങളും വിലയും ആകെത്തുകയും കാണിച്ച് നിവേദനം)
8. ഗണിത പഠനം നിർമ്മാണത്തിലൂടെ

**ഇംഗ്ലീഷ് പഠനം**

**ലക്ഷ്യം**

ഇംഗ്ലീഷിൽ അനായാസം ആശയവിനിമയം നടത്താൻ കഴിവുള്ളവരായി വിദ്യാർത്ഥികളെ മാറ്റിയെടുക്കുക

പ്രവർത്തനങ്ങൾ

1. ഇംഗ്ലീഷ് ക്ലബ്ബ്
2. ഇംഗ്ലീഷ് അസംബ്ലി
3. ഇംഗ്ലീഷ് വായന മൂല
4. Thought for the day in bullletion board
5. English Fest
6. English Camp

7. English Games

8. വായനാ കാർഡുകളുടെ നിർമ്മാണം

9. Video Library

10. Stage Performance

11. സ്ക്കൂളിൽ എന്ത് നടന്നാലും (ദിനാചരണം, ക്ലാസ്സ് പി. ടി. എ) പിറ്റേന്ന് അസംബ്ലിയിൽ അതിനെക്കുറിച്ച് വിലയിരുത്തി ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.

12. പത്തു മിനിട്ട് സമയം വീട്ടു വിശേഷം പറയൽ

13. ഓരോ ഇംഗ്ലീഷ് യൂണിറ്റുമായും ബന്ധപ്പെട്ടുവരുന്ന കഥാപാത്രങ്ങളെ വരച്ച് വെട്ടിടെയുക്കുക.

14. മുഖം മൂടിവച്ച് റോൾ പ്ലേ ചെയ്യുക.

15. ഓരോ യൂണിറ്റ് കഴിയുമ്പോഴും അതിനെ നാടകമാക്കുക

16. സയൻസ് ക്വിസ് ഇംഗ്ലീഷ്

17. പാവ നാടകം

18. ഓരോ ആഴ്ച അവസാനവും ഇംഗ്ലീഷ് സമാജം

**വായന**

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളേയും വായനാ ശീലമുള്ള വരാക്കി മാറ്റുക.
2. വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരം സൃഷ്ടിക്കുക
3. വായനയുടെ വ്യത്യസ്ഥ തലങ്ങൾ പരിചയപ്പെടുത്തുക
4. രചനാപരമായ കഴിവ് വളർത്തുക
5. സമൂഹ പങ്കാളിത്തത്തോടെ സ്ക്കൂൾ ലൈബ്രറി വികസിപ്പിക്കുക

**പ്രവർത്തനങ്ങൾ**

1. അസംബ്ലിയിലും ക്ലാസിലും നിത്യവും പത്രവായനയും വിശകലനവും
2. പത്ര ക്വിസ്
3. ക്ലാസ് ലൈബ്രറി സജ്ജമാക്കൽ, ഫലപ്രദമായി വിനിയോഗിക്കൽ, ഇടവേള സമയ വായന പരിപോഷിപ്പിക്കൽ
4. വാർത്താചാനൽ
5. വായനയിൽ പിന്നോക്കം നിൽക്കുന്നവരെ മെച്ചപ്പെടുത്തുന്ന കൂട്ടു വായന
6. അമ്മമാർ വായിച്ച പുസ്തകത്തെക്കുറിച്ച് ക്ലാസ് പി. ടി. എയിൽ അവതരണം

7. വായന ഗ്രൂപ്പ് രൂപികരിക്കൽ- പിന്നോക്കം നിൽക്കുന്ന കുട്ടികളെ വായനയിൽ സഹായിക്കുന്നതിന് നല്ല വായനക്കാരെ ചുമതലപ്പെടുത്തൽ

8. ഭാഷാ കേളികൾ, ക്വിസ് മത്സരങ്ങൾ

9. കുട്ടികളുടെ വായന കുറിപ്പ് പതിപ്പാക്കൽ മികച്ച വായനക്കാർക്ക് പൊതു വേദിയിൽ അംഗീകാരം

10. കുട്ടികളിൽ വായിച്ച പുസ്കത്തെക്കുറിച്ച് ക്ലാസിൽ, അസംബ്ലിയിൽ അവതരിപ്പിക്കുന്നതിന് അവസരം

11. സാങ്കേതിക വിദ്യയിലൂടെ പഠനം

    മലയാള നാടകം, കവിതാപാരായണം തുടങ്ങി വ്യത്യസ്ത വ്യവഹാര രൂപങ്ങളുടെ സി. ഡി. കൾ ശേഖരിച്ച് ആഴ്ചയിൽ ഒരു പീരിഡ് ഇവ ശ്രവിക്കുവാൻ കുട്ടികൾക്കു അവസരം നൽകുക

12. സാഹിത്യകാരന്മാരുമായി സംവാദം

13. ചുമർ പത്രം

14. സാഹിത്യകാരന്മാരുടെ സ്മരണയുമായി ബന്ധപ്പെട്ട ദിനങ്ങളിൽ അവരുടെ സാഹിത്യ സൃഷ്ടികൾ പരിചപ്പെടുത്തുന്നതിന്/പ്രദർശിപ്പിക്കുന്നതിന് അവസരം നൽകുക

15. കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അനുമോദിക്കൽ

16. കുട്ടികളുടെ പിറന്നാൾ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുക. ജന്മദിനത്തിന് സ്ക്കൂളിന് ഒരു പുസ്തകം അസംബ്ലിയിൽ വച്ച് നൽകണം

17. കുട്ടികളുടെ പത്രം പ്രസിദ്ധീകരിക്കുക

18. വായനാ മത്സരം

19. കുട്ടിയുടെ പേര്, വായിച്ച പുസ്തകങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുക

20. അസംബ്ലിയിൽ ഞാൻ വായിച്ച പുസ്തകം

21. കുട്ടികളുടെ വായനാ കുറിപ്പുകൾ പ്രസിദ്ധീകരിക്കുക

22. വായന ശാലയുമായി സഹകരിച്ചുള്ള പ്രവർത്തനം

**കമ്പ്യൂട്ടർ വിദ്യാഭ്യാസം**

**ലക്ഷ്യങ്ങൾ**

1. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അധ്യാപനത്തിലൂടെ പഠനം കൂടുതൽ കാര്യക്ഷമമാക്കുക
2. നാലാം ക്ലാസ് പൂർത്തിയാക്കുന്ന കുട്ടി കമ്പ്യൂട്ടർ ശരിയായി ഉപയോഗിക്കാൻ പഠിക്കുക

**പ്രവർത്തനങ്ങൾ**

1. കുട്ടികൾക്ക് നിശ്ചിത സമയം ലഭിക്കത്തക്കവിധം പരിശീലന കലണ്ടർ തയ്യാറാക്കുക
2. പഠന വിഷയവുമായി ബന്ധപ്പെട്ട കമ്പ്യൂട്ടർ സാധ്യതകൾ ഓരോ ക്ലാസിലും ലിസ്റ്റ് ചെയ്യുക
3. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താവുന്ന സ്മാർട്ട് ക്ലാസ് റൂം എം. എൽ. എ. ഫണ്ട് എന്നിവരിൽ നിന്നും ലഭ്യമാക്കൽ

**പഠന യാത്ര**

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമികമികവിനായി പഠനയാത്രകൾ ക്രമീകരിക്കുന്നതിന്
2. പ്രദേശിക പഠനയാത്രകൾ/ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും

**പ്രവർത്തനങ്ങൾ**

1. സ്ക്കൂളിനു സമീപമുള്ള കൃഷി ഭവൻ, പഞ്ചായത്ത് ഓഫീസ്, ആശുപത്രി, പോസ്റ്റ ഓഫീസ്, ബാങ്ക്, കൃഷി സ്ഥലം, കുളം, പുഴ തുടങ്ങി പാഠ്യപദ്ധതിയിലെ സാധ്യതകൾ ലിസ്റ്റ് ചെയ്യണം
2. വിവധ വിഷയ പഠനവുമായി പഠന യാത്രയെ ബന്ധിപ്പിക്കണം
3. പോകുന്ന സ്ഥലത്തെക്കുറിച്ച് മുൻ കൂട്ടി അധ്യാപികയുടെ സഹായത്തോടെ വിവരം ശേഖരിക്കുക
4. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് പഠനയാത്രയുടെ ലക്ഷ്യം, ആവശ്യകത എന്നീവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.

**ഒന്നാതരം ഒന്നാന്തരമാക്കൽ**

1. വായനാ മൂലയിൽ ചിത്ര കഥാ പുസ്തകങ്ങൾ സജ്ജീകരിക്കൽ
2. ചിത്രം വരയ്ക്കുന്നതിനുവേണ്ടി ചെറിയ പുസ്തകങ്ങൾ സജ്ജീകരിക്കൽ
3. ഭിത്തികൾ ചിത്രം വരച്ച് ആകർഷകമാക്കൽ
4. സചിത്ര മാസികകൾ
5. വീട്ടുവിശേഷം ഡയറി
6. കളിപ്പാട്ടങ്ങൾ
7. എന്റെ ചിത്ര പുസ്തകം
8. എന്റെ കഥാ പുസ്തകം, എന്റെ പാട്ടു പുസ്തകം
9. ഞങ്ങൾ വരച്ച ചിത്രങ്ങൾ

10. അസംബ്ലി ഞങ്ങളുടെ വക

11. എനിക്കും പതിപ്പ്

12. പാവ നാടക സ്ക്രീൻ

13. ഒന്നാം ക്ലാസിലെ അമ്മക്കൂട്ടം കഥപറയുന്നു

**പരീക്ഷ - നിരന്തര വിലയിരുത്തൽ**

**ലക്ഷ്യങ്ങൾ**

1. കുട്ടിയുടെ പഠനനേട്ടം കൃത്യമായി നിർണ്ണയിക്കുകയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിന്
2. പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനപിന്നാക്കാവസ്ഥ പരിഹരിക്കുക

**പ്രവർത്തനങ്ങൾ**

1. നോട്ടു ബുക്ക് കുട്ടിയുടെ വളർച്ചയെ ബോധ്യപ്പെടുത്തുന്ന തരത്തിൽ ചിട്ടപ്പെടുത്തുകയും സമഗ്രമാക്കുകയും ചയ്യണം.
2. ഓരോ യൂണിറ്റ് പൂർത്തിയാക്കുമ്പോഴും യൂണിറ്റ് ടെസ്റ്റ നടത്തി ക്ലാസ്സ് പിടിഎയിൽ പഠനനില, പഠനപുരോഗതി എന്നിവ രക്ഷിതാവിനെ അറിയിക്കണം.
3. നിരന്തര വിലയിരുത്തൽ ഫലങ്ങൾ എസ്. ആർ. ജി. യിൽ ചർച്ച ചെയ്യണം
4. പ്രഥമികാധ്യാപിക സൂചകങ്ങൾ വച്ച് അധ്യാപകരുടെ ക്ലാസുകൾ മോണിട്ടർ ചെയ്ത്, മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകണം
5. എല്ലാ കുട്ടികളുടേയും നോട്ട് ബുക്ക് മറ്റ ഉൽപന്നങ്ങൾ എന്നിവ ക്ലാസ് പി.ടി. എ.യിൽ പ്രദർശിപ്പിക്കണം.

**മേഖല കലാ വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയാനുഭവങ്ങൾ**

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളിലും ഏറിയും കുറഞ്ഞുമുള്ള കാലാവാസനയെ പരിപോഷിപ്പിക്കുക.
2. കലാ, കായിക പ്രവൃത്തി പരിചയ മേളകളിലെ ഇനങ്ങളിലെല്ലാം എല്ലാ കുട്ടികൾക്കും പ്രാഥമിക പരിശീലനാനുഭവം ഒരുക്കുക, പങ്കാളിത്തം ഉറപ്പാക്കുക.
3. കായിക ക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക
4. പ്രവൃത്തി പരിചയ നൈപുണികളിൽ എല്ലാവർക്കും പ്രവീണ്യം നേടാൻ അവസരമെരുക്കുക.

**പ്രവർത്തനങ്ങൾ**

1. നൃത്ത പരിശീലനം
2. സംഗീത പരിശീലനം

3. ഓട്ടം, ചാട്ടം, റിലേ എന്നിവയിൽ പരിശീലനം

4. സ്ക്കൂൾ തലത്തിൽ പ്രവൃത്തി പരിചയമേള

5. ഒന്നാം ക്ലാസ്സു മുതൽ ചിത്രപ്പതിപ്പുകൾ

6. കോർണർ പിടിഎയിൽ കുട്ടികളുടെ കലാസന്ധ്യ

7. അസംബ്ലിയിൽ കലാപരിപാടി അവതരിപ്പിക്കാൻ എല്ലാ കുട്ടികൾക്കും അവസരം ഒരുക്കൽ

8. പാഠ ഭാഗവുമായി ബന്ധിപ്പിച്ച് നാടകം, സംഗീത ശില്പം, ചിത്രീകരണം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ സാധ്യത ലിസ്റ്റ് ചെയ്യൽ

9. ഇന്ത്യ, കേരളം, ജില്ല എന്നിവ ജനതയുടെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന വാർത്തകളും ചിത്രങ്ങളും ചേർത്ത് കൊളാഷ് ഭൂപടം നിർമ്മിക്കൽ

10. ക്ലാസ്സ് കൈയെഴുത്തു മാസികയിൽ ചിത്രീകരണം നടത്തി ചിത്ര രചനാ പരിശീലനം സ്ക്കൂൾ കോമ്പൗണ്ട് വിവധ ക്ലാസുകളിലെ കുട്ടികളുടെ കായിക പരിശീലനത്തിന് അനുഗുണമാക്കിമാറ്റൽ

**മേഖല സാമൂഹികം, സർഗാത്മകം, സഹവൈജ്ഞാനികം**

**സ്കൂൾ അസംബ്ലി**

**ലക്ഷ്യങ്ങൾ**

1. • എല്ലാ കുട്ടികൾക്കും നേതൃത്വപരമായ കഴിവുകൾ വികിപ്പിക്കുക

2. കുട്ടികളിടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്ക്കൂൾ അസംബ്ലിയെ പുനഃസംഘടിപ്പിക്കുക

3. സഭാകമ്പമില്ലാതെ സദസ്സിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തുക

**പ്രവർത്തനങ്ങൾ**

11. അസംബ്ലി പവർത്തനത്തിന് മാർഗരേഖ ഉദാ.(പുസ്തക റിവ്യു, പുസ്തകം പരിചയപ്പെടുത്തൽ, ക്ലാസിലെ വേറിട്ട പ്രവർത്തനങ്ങളുടെ പങ്കുവക്കൽ, ഉല്പന്നങ്ങലുടെ പ്രകാശനം, കുട്ടികളുടെ മികവുകൾക്ക് അംഗീകാരം, പത്രക്വിസ്, ക്ലാസ് പത്ര പ്രകാശനം, ചിന്താവിഷയം തുടങ്ങി ഓരോ അസംബ്ലിയിലും വൈവിധ്യമുള്ള ഓരോ ഇനം വീതം നിശ്ചയിക്കൽ, ദിനാചരണവുമായി ബന്ധപ്പെട്ട് ഉൽപ്പെടുത്താവുന്ന ഇനങ്ങൾ എന്നിവയെല്ലാം മാർഗ്ഗരേഖയിൽ വ്യക്തമാക്കണം)

12. അസംബ്ലി ചാർട്ട്- ഓരോ കുട്ടിക്കും എത്ര അവസരം എന്നെല്ലാം എന്തിനെല്ലാം എന്നു കൃത്യ പ്പെടുത്തണം

13. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ അവതരണങ്ങൾ

14. ഇംഗ്ലീഷ് അസംബ്ലി

**ദിനാചരണങ്ങൾ**

**ലക്ഷ്യങ്ങൾ**

1. സവിശേഷ ദിനങ്ങളുടെ പ്രത്യേകതയും പ്രധാന്യവും ബോധ്യപ്പെടുത്തുക
2. ദിനാചരണങ്ങളെ അക്കാദമിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുക
3. സ്‌ക്കൂളും പ്രദേശിക സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് ദിനാചരണങ്ങളെ ചിട്ടപ്പെടുത്തുക
4. കുട്ടികളുടെ സർഗാത്മകത പ്രകടിപ്പിക്കുന്നതിനുള്ള അവസരമായി ദിനാചരണങ്ങൾ പ്രയോജ നപ്പെടുത്തുക

**പ്രവർത്തനങ്ങൾ**

1. അക്കാദമിക വർഷത്തെ വിശേഷദിനങ്ങളുടെ ചാർട്ട് തയ്യാറാക്കൽ
2. ദിനാചരണങ്ങൾ ഉൾച്ചേർത്തു കൊണ്ട് സ്ക്കൂളിന്റെ വാർഷിക കലണ്ടർ, മാസ കലണ്ടർ, ക്യാമ്പ് കലണ്ടർ എന്നിവ തയ്യാറാക്കൽ
3. സ്ക്കൂളിൽ പൊതുവായി എന്തെല്ലാം പ്രവർത്തനങ്ങൾ എന്ന് നിശ്ചയിക്കൽ
4. ഓരോ ദിനാചരണത്തിനും നേതൃത്വം നൽകുന്നതിന് ചുമതലാവിഭജനം നടത്തൽ (അധ്യാപ കർ, കുട്ടികൾ, രക്ഷകർത്താക്കൾ)
5. ഓരോ ദിനാചരണവും എസ്. ആർ. ജി.യിൽ ആസൂത്രണവും അവലോകനവും നടത്തി കൂടുതൽ മെച്ചപ്പെടുത്താനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ
6. അക്കാദമിക മികവുണ്ടാകക്കുന്നതിന് യോജിച്ച രീതിയിൽ മത്സരങ്ങൾ സംഘടിപ്പിക്കൽ

**ക്ലബ് പ്രവർത്തനങ്ങൾ**

**ലക്ഷ്യങ്ങൾ**

1. ക്ലബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക
2. കുട്ടികളിൽ നേതൃത്വപാടവം, ആശയവിനിമയ ശേഷി, ശാസ്ത്രാവബോധം, ജനാതിപത്യ ബോധം എന്നിവ വളർത്തുക

**പ്രവർത്തനങ്ങൾ**

1. ഏതെല്ലാം ക്ലബ്ബുകൾ എന്നു തീരുമാനിക്കാൽ
2. ഓരോ ക്ലബ്ബിന്റെയുമ വാർഷിക പദ്ധതി രൂപികരിക്കൽ
3. ക്ലബ്ബിന്റെ നേതൃത്വം നിശ്ചയിക്കൽ, ചുമതലാവിഭജനം നടത്തൽ
4. ശുചീകരണം, സ്ക്കൂൾ സൗന്ദര്യവൽക്കരെണം, സ്ക്കൂൾ പത്രം തയ്യാറാക്കൽ, അച്ചടക്കം, പൂന്തോട്ട നിർമ്മാണം, എന്നിവ ക്ലബ്ബുകളുടെ നേതൃത്വത്തിൽ
5. ക്ലബ്ബ് പ്രവർത്തനങ്ങളെ മേളകൾ, കലോത്സവങ്ങൾ, ഉപജില്ലാ തല മത്സരങ്ങളുമായി ബന്ധിപ്പിക്കൽ

**സാഹിത്യ സമാജം**

**ലക്ഷ്യങ്ങൾ**

1. കുട്ടികളിലെ കലാ സാഹിത്യ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും
2. കുട്ടികളുടെ വായനയുടെയും ലേഖനവും പരിപോഷിപ്പിക്കുക.
3. കുട്ടികളിൽ സർഗാത്മകത വികസിക്കുന്നതിന് വേദിയൊരുക്കുക.

**പ്രവർത്തനങ്ങൾ**

1. ക്ലാസ് റൂം പ്രവർത്തനങ്ങളുമായി കണ്ണിചേർക്കൽ, ഓരോ ക്ലാസ്സിലും പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സാഹിത്യ രൂപങ്ങളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കൽ.
2. വായനാ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ
3. ക്ലാസ് സാഹിത്യ സമാജത്തിലെ തൊരഞ്ഞെടുത്ത ഇനങ്ങൾ അസംബ്ലിയിൽ പങ്കിടൽ
4. കുട്ടികളുടെ കവിത ചൊല്ലൽ, നാടകീകരണം, നാടൻ പാട്ട്, ചിത്ര രചന എന്നിവ സംഘടിപ്പിച്ച് കുട്ടികളുടെ കഴിവ് വികസിപ്പിക്കുന്നതിന് അവസരമൊരുക്കുക.
5. യോഗ നടത്തിപ്പ് സംബന്ധിച്ച അവസരങ്ങൾ മാറി മാറി എല്ലാവർക്കും ലഭിക്കത്തക്കവിധം ചുമതലാ വഭാജനം നടത്തൽ (സ്വാഗതം, അദ്ധ്യക്ഷത, ഉദ്ഘാടനം പ്രസംഗം, കൃതജ്ഞത, മിനിറ്റ്സ് തയ്യാറാക്കൽ)

## സ്ക്കൂൾ പാർലമെന്റ്, സാമൂഹിക വീക്ഷണം

### ലക്ഷ്യങ്ങൾ

1. കുട്ടികളിൽ ജനാധിപത്യ ജീവിത സംസ്കാരം വളർത്തുക
2. നേതൃത്വ ശേഷി വികാസത്തിനുള്ള അവസരം സൃഷ്ടിക്കുക
3. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിപ്രായങ്ങൾക്കും ആശയങ്ങൾക്കും ഇടം നൽക്കുക

### പ്രവർത്തനങ്ങൾ

1. സ്ക്കൂൾ പാർലമെന്റ് രൂപീകരിക്കണം ഓരോ ക്ലാസിനും രണ്ട് ലീഡർമാർ ഒരു ആൺ കുട്ടി ഒരു പെൺ കുട്ടി)
2. അസംബ്ലി, ശുചിത്വം, പൂന്തോട്ടം, പത്രം തയ്യാറാക്കൽ എന്നിങ്ങനെ പാർലമെന്റിനുള്ള പ്രവർത്തനങ്ങളുടെ പദ്ധതി തയ്യാറാക്കുക.
3. വിദ്യാർത്ഥി പ്രതിനിധികൾക്ക് നേതൃത്വ പരിശീലനം നൽകണം.
4. ദിനാചരണ മടക്കമുള്ള തീരുമാനങ്ങളെടുക്കുന്നതിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കണം
5. സാഹിത്യസമാജം, വിദ്യാരംഗം കലാസാഹിത്യ വേദി എന്നിവയുടെ സമയക്രമം, ഇനങ്ങൾ, പങ്കാളിത്തം തുടങ്ങിയവ പാർലമെന്റിന്റെ പങ്കാളിത്തത്തോടെ നിശ്ചയിക്കൽ

## സംയോജിത വിദ്യാഭ്യാസം

### ലക്ഷ്യങ്ങൾ

1. ഭിന്നശേഷിയുള്ള കുട്ടികൾക്ക് പിന്തുണനൽകേണ്ടത് തന്റെ കൂടി കടമയാണെന്ന ധാരണ യോടെ പ്രവർത്തിക്കാൻ സഹപാഠികളെ പ്രാപ്തരാക്കുക
2. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കഴി വുകൾ വികസിപ്പിക്കാൻ അവസരമൊരുക്കുക
3. പ്രവർത്തനങ്ങൾ
4. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടകളുടെ രക്ഷിതാക്കൾക്ക് ബോധവൽകരണം
5. പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ
6. ഓരോ കുട്ടിയുടെയും വിവരങ്ങൾ അടങ്ങിയ നോട്ടുബുക്ക് തയ്യാറാക്കൽ, പ്രത്യേക പരിഗ ണന അർഹിക്കുന്ന കുട്ടികളുടെ കേസ് ഹിസ്റ്ററി ഓരോ ക്ലാസ് അധ്യാപകർ തയ്യാറാക്കുക
7. ബി. ആർ. സി.ുമായി ചേർന്ന് പ്രവർത്ത പദ്ധതി തയ്യാറാക്കൽ
8. കുട്ടിക്കുള്ള സവിശേഷമായ കഴിവ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ
9. എല്ലാ പ്രവർത്തനങ്ങളിലും ബോധപൂർവ്വം അവസരം പ്രദാനം ചെയ്യൽ

10. ക്ലാസ് റൂം പ്രവർത്തനത്തിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കണം

11. അവരുടെ ചെറിയ പുരോഗതിപോലും രക്ഷിതാക്കളുമായി പങ്കിടൽ

**സമൂഹ പങ്കാളിത്തം**

**ലക്ഷ്യങ്ങൾ**

1. വിദ്യാലയത്തിന്റെ പുരോഗതിയിൽ തല്പരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കുക
2. ക്ലാസ് പി.ടി.എ. ശക്തമാക്കുക.
3. വിദ്യാലയമുകവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികൾ സൃഷ്ടിക്കുക
4. വിദ്യാഭ്യാസ അവകാശ നിയമത്തെക്കുറിച്ച് സമൂഹവുമായി ആശവിനിമയം നടത്തുക

**പ്രവർത്തനങ്ങൾ**

1. വിദ്യാലയ സൗഹൃദസമിതി

   വിദ്യാലയവുമായി സഹകരിക്കാൻ താല്പര്യമുള്ള പൂർവ്വ വിദ്യാർത്ഥികൾ, പൂർവാധ്യാപകർ, പൊതു വിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവർ എന്നിവരുടെ ലിസ്റ്റ് തയ്യാറാക്കുക
2. ഇവരെ ഉൾപ്പെടുത്തി വിദ്യാലയ സൗഹൃദ സംഗമം സംഘടിപ്പിക്കുക.

**ക്ലാസ്സ് പി. ടി. എ.**

**ലക്ഷ്യം**

1. വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്ന വിധം ഓരോ കുട്ടിയുടെയും എല്ലാ വിഷയങ്ങളിലേയും നിശ്ചിത കാലയളവിലെ പഠനപുരോഗതി, പഠന പ്രശ്നങ്ങൾ ഹാജർ നില, കുട്ടികളുടെ മറ്റു കഴിവുകൾ എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തി പിന്തുണ ആർജിക്കുക

**പ്രവർത്തനങ്ങൾ**

1. കുട്ടി നേടേണ്ട കഴിവുകൾ, ക്ലാസ് വിശേഷങ്ങൾ, ക്ലാസിലെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് പത്രത്തിന്റെ കോപ്പി ക്ലാസ് പി. ടി. എ. അംഗങ്ങൾക്ക് നൽകൽ
2. ക്ലാസ് പി. ടി. എ. യുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനായി ഭവന സന്ദർശനം നടത്തൽ
3. പഠനപ്രവർത്തനങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ട് അവതരിപ്പിക്കാൻ കുട്ടികളെ സജ്ജരാക്കൽ
4. ക്ലാസ് പി.ടി.എ അംഗങ്ങളെ ദിനാചരണങ്ങളുമായി ബന്ധിപ്പിക്കൽ
5. ക്ലാസ് പി. ടി. എ. അംഗങ്ങളുടെ കഴിവുകൾ വളർത്തുന്നതിനും പ്രകാശിപ്പിക്കുന്നതിനും വേദിയൊരുക്കൽ
6. രക്ഷിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസുകൾ

7. വായനക്കൊരു അമ്മക്കൂട്ട്, ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങളിൽ പങ്കാളിത്തം, പുസ്തക ചർച്ച, കുട്ടികളുടെ വായന കുറിപ്പ്, വിശകലനം എന്നിവ സംഘടിപ്പിക്കൽ

**കോർണർ പി. ടി. എ.**

**ലക്ഷ്യങ്ങൾ**

1. വിദ്യാലയ മുറികൾ സമൂഹത്തെ അറിയിക്കുന്നതിന്
2. ഭാവിയിൽ വിദ്യാലയത്തിലെത്തേണ്ട കുട്ടികളുടെ രക്ഷിതാക്കൾക്ക് പൊതു വിദ്യാഭ്യാസ ത്തിന്റെ കരുത്ത് മനസ്സിലാക്കുന്നതിന്

**പ്രവർത്തനങ്ങൾ**

1. വിദ്യാലയ പരിധിയിലുള്ള പ്രദേശങ്ങളിൽ കോർണർ പി.ടി. എ സംഘടിപ്പിക്കൽ
2. പ്രദേശിക സംഘാടക സമിതി രൂപീകരിക്കൽ

**പ്രാദേശിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തൽ**

**ലക്ഷ്യം**

1. സമൂഹത്തിലെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ പരമാവധി കഴിവുകൾ വികസിപ്പിക്കുക

**പ്രവർത്തനങ്ങൾ**

1. പ്രദേശത്ത് വിവിധമേഖലകളിൽ കഴിവുള്ളവരും വിദ്യാലയത്തിനു പ്രയോജനപ്പെടുത്താവുന്നതു മായ ആളുകളുടെ ലിസ്റ്റ് തയ്യാറാക്കൽ
2. അവരുമായി ആശയവിനിമയം നടത്തി സഹകരണം തേടൽ
3. പ്രവർത്തന പദ്ധതി തയ്യാറാക്കൽ

**ദിനാചരണങ്ങളും സമൂഹപങ്കാളിത്തവും**

1. പ്രവേശനോത്സവം നാടിന്റെ ഉത്സവമാക്കി മാറ്റൽ(മുതിർന്ന കുട്ടികലുടെയും രക്ഷിതാക്കളു ടെയും പ്രദേശിക സമൂഹത്തിന്റെയും നേതൃത്വത്തിൽ)
2. എല്ലാ മാസവും ഒരു ദിനാചരണമെങ്കിലും സമൂഹപങ്കാളിത്തത്തോടെ നടത്തൽ

**സ്കൂൾ വാർഷികം**

1. സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നവിധം അനുബന്ധ പരിപാടികളോടെ (രക്ഷിതാക്കളുടെ കലാസന്ധ്യ പി.ടി.എ. വാർഷികം)

**എല്ലാവർക്കും പ്രവേശനം**

1. വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന പ്രൈമറി വിദ്യാഭ്യാസ പ്രായത്തിലുള്ള എല്ലാവരെയും ഉൾക്കൊള്ളുക

2. പ്രവേശിക്കപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും അവസരവും പങ്കാളിത്തവും നൽകി അവരുടെ നാനാവിധമായ കഴിവുകൾ വികസിപ്പിക്കുക

3. പൊതു വിദ്യാഭ്യാസത്തിന്റെ കരുത്ത് സമൂഹത്തെ ബോധ്യപ്പെടുത്തി പിന്തുണ ആർജിക്കുക.

**പ്രവർത്തനങ്ങൾ**

1. അംഗൻവാടി പ്രവർത്തകരിൽ നിന്നും ആരോഗ്യ പ്രവർത്തകരിൽ നിന്നും സ്ക്കൂൾ പരിധി യിൽ പെട്ട വിദ്യാലയത്തിൽ പഠിക്കേണ്ട കുട്ടികലുടെ ലിസ്റ്റ് ശേഖരിക്കൽ.
2. സ്ക്കൂളിൽ പ്രവർത്തനപരിധിയിൽ ഉള്ള പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ എണ്ണം അംഗൻവാടി പ്രവർത്തകരിൽ നിന്നും ശേഖരിക്കൽ
3. ക്ലാസ് പി.ടി.എ. എല്ലാ മാസവും വരാത്ത കുട്ടികുടെ വിവരം അജണ്ടയാക്കി ചർച്ച ചെയ്യൽ
4. ഗൃഹ സന്ദർശനം(കുട്ടികളെ വിദ്യാലയത്തിൽ ചേർക്കാൻ, ഹാജരാക്കാത്ത കുട്ടികളുടെ പ്രശ്നം മനസ്സിലാക്കി സഹായിക്കാൻ ക്ലാസ് പി.ടി.എയിൽ പങ്കെടുക്കാത്തവരെ പങ്കെടുപ്പി ക്കാൻ, മികവുപങ്കിടാൻ, പുസ്തക സമാഹരണത്തിന്, ശുചിത്വകാമ്പെയിന് ബോധവൽക്കര ണത്തിന്)
5. തുടർച്ചയായി ക്ലാസിൽ ഹാജരാകാതിരുന്ന കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ ക്ലാസ് പിടിഎയിൽ ചർച്ച ചെയ്യും. അതിന്റെ കാരണം അന്വേഷിക്കും. ഹാജരാകാതിരുന്ന ദിവസങ്ങ ളിലെ പഠന നഷ്ടം നികത്താൻ പരിപാടി ആസൂത്രണം ചെയ്യണം.
6. സ്ക്കൂളിന്റെ മികവുകൾ സമൂഹത്തെ ബോധ്യപ്പെടുത്തക്കവിധത്തിൽ തെളിവുകൾ ഉൾപ്പെ ടുത്തി കോർണർ പി. ടി. എ. നടത്തും.

## പ്രവർത്തന വിശദാംശങ്ങൾ

പ്രവർത്തനത്തിന്റെ പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | സ്ക്കൂളിന്റെ പുറകുവശംത്തുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ, മുറ്റം ഉയരം കുട്ടി ട്രസ്സ് വർക്ക് ചെയ്യൽ | 1 വർഷം | പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ | 1.5 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം = പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | 1 വർഷം | പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ | 1 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : ശൗചാലയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ശൗചാലയം നിർമ്മിക്കൽ | 2 വർഷം | പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ | 3 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : കുടിവെള്ള വിതരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | പഞ്ചായക്ക് വക പൈപ്പ് ലൈൻ സ്ഥാപിച്ച് ടാങ്കിൽ ജലം എത്താനുള്ള ക്രമീകരണം | 6 മാസം | പി.ടി.എ. | 50000 |

പ്രവർത്തനത്തിന്റെ പേര് : യോഗ, നൃത്തം, സംഗീതം പരിശീലന മുറി

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായു സഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ, നൃത്തം, സംഗീതം പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | 1 വർഷം | പി.ടി.എ. | 3 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : സ്ക്കൂൾ ലൈബ്രറി

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്ക്കൂൾ ലൈബ്രറിയുടെ നവീകരണം | വായു സഞ്ചാരമുള്ള ഒരു മുറിയും പുസ്തകങ്ങൾ വയ്ക്കുന്നതിന് പറ്റിയ അലമാര സജ്ജമാക്കൽ | 1 വർഷം | പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ | 2 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : അസംബ്ലി ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അക്കാദമിക പ്രവർത്തനം കാര്യക്ഷമമാക്കൽ | മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം | 1 വർഷം | പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ | 1.5 ലക്ഷം |

പ്രവർത്തനത്തിന്റെ പേര് : സ്ക്കൂൾ കെട്ടിട നവീകരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സ്ക്കൂൾ ആകർഷകമാക്കൽ | ആകർഷണീയമായ വിധത്തിൽ സ്ക്കൂൾ മേൽക്കൂര, വരാന്ത എന്നിവ സജ്ജമാക്കൽ | 1 വർഷം | പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ | 3 ലക്ഷം |

## അക്കാദമികം

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

മേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുവുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ, ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ് അധ്യാപകർ | - |

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്മുറികളിൽ ഇംഗ്ലീഷ് പ്രസദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതി മാസ പരി | ഇംഗ്ലീഷ് ക്ലബ്ബ് | - |

പ്രവർത്തനത്തിന്റെ പേര് : ദിനാചരണങ്ങൾ

ഉപ മേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച്വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി. | - |

പ്രവർത്തനത്തിന്റെ പേര് : ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസ രണം | എസ്. ആർ. ജി. ഗണിത ക്ലബ്ബ് | - |

പ്രവർത്തനത്തിന്റെ പേര് : ഗണിത പാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതര മാക്കൽ | ജ്യാമിതീയ രൂപങ്ങൽക്ക് പ്രധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | പി.ടി.എ. | 1000 |

പ്രവർത്തനത്തിന്റെ പേര് : മേളകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാ ക്കുക | സ്ക്കൂൾതല ശാസ്ത്ര മേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ. ഉപജില്ലാ തലത്തിൽ പര മാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | 1000 |

പ്രവർത്തനത്തിന്റെ പേര് : പഠനയാത്രകൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്ന് | എസ്. ആർ. ജി | 20000 / പിടിഎ |

പ്രവർത്തനത്തിന്റെ പേര് : ബുള്ളറ്റിൻ ബോർഡ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസവത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹിക ശാസ്ത്ര ക്ലബ്ബ് എസ്. ആർ. ജി. | 1000/ പിടിഎ. |

പ്രവർത്തനത്തിന്റെ പേര് : കായിക പരിശീലനം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശാലനം കാര്യക്ഷമാമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം | ആഴ്ചയിൽ 3 ദിവസംാ | പി.ടി.എ. | - |

പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആറ് ജി. പരിസ്ഥിതി ക്ലബ്ബ് | 5000/ കൃഷി വകുപ്പ് |

പ്രവർത്തനത്തിന്റെ പേര് : ജൈവവൈവിധ്യപാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്ക്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | എസ്. ആർ. ജി. പി.ടി.എ. | 25000 |

പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പിടിഎ സജീവമാക്കൽ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ. കൃത്യമായ അജണ്ടവച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവയുടുണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | - |

പ്രവർത്തനത്തിന്റെ പേര് : ജന്മദിനത്തിനൊരു പുസ്തകം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | - |

പ്രവർത്തനത്തിന്റെ പേര് : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർത്ത് വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | പി.ടി.എ. | 5000 |

പ്രവർത്തനത്തിന്റെ പേര് : ബാലോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ നവാഗതരാകേണ്ടവർക്ക് വിദ്യാലയന്നെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. | 2000 |

പ്രവർത്തനത്തിന്റെ പേര് : കോർണർ പിടിഎ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി. ടി. എ. യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ.<br>എസ്. ആർ ജി. | 5000 |

പ്രവർത്തനത്തിന്റെ പേര് : പിടിഎ സർഗോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക | വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ | 3000 |

പ്രവർത്തനത്തിന്റെ പേര് : പുസ്തക സമാഹരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം | അധ്യാപകരും വിദ്യാർത്ഥികളും അടങ്ങുന്ന സംഘം സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | പ്രതിമാസ പരിപാടി | ക്ലാസ് ടിച്ചർ | - |

പ്രവർത്തനത്തിന്റെ പേര് : സ്ക്കൂൾ കലണ്ടർ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്ക്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ ജി. പി.ടി.എ. | 2000 |

പ്രവർത്തനത്തിന്റെ പേര് : കാരണവക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | വിദ്യാലയ പരിസരത്ത് താമസിക്കുന്ന പ്രായമായവരെയും അതിഥികളായി സ്ക്കൂളിലേക്ക് ക്ഷണിക്കുന്നു. കുട്ടികൾ അവരുമായി ആശയവിനിമയം നടത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. | 1000 |

പ്രവർത്തനത്തിന്റെ പേര് : കിടപ്പു രോഗീ സന്ദർശനം/ വൃദ്ധസദനങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരും വിദ്യാർത്ഥികളും സമീപത്തുള്ള അനാഥാലയം വൃദ്ധമന്ദിരം എന്നിവ സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ. | |

## മോണിട്ടറിംഗ്

- ദൈനംദിന മോണിട്ടറിംഗ് എച്ച്, എം. എസ്. ആർ. ജി. കൺവീനർഎന്നിവരുടെ നേതൃത്വത്തിൽ നടത്താം
- സോഷ്യൽ മോണിട്ടറിംഗ് രീതി സ്ക്കൂൾ മാനേജർ, പി.ടി.എ., എം. പി.ടി. എ. എന്നിവരെ ഉൾപ്പെടുത്തി നടപ്പാക്കാം
- അക്കാദമിക മോണിട്ടറിംഗ് ഉദ്യോഗസ്ഥ തലത്തിലുള്ള വ്യക്തികൾക്ക് നടത്താം

## ഉപസംഹാരം

ഈ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കിയിരിക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ എല്ലാവരുടെയും സാന്നിധ്യ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.